## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 382**

**27.09.2016 ൽ മറുപടിയ്ക്ക്**

# യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(ബഹു.വ്യവസായവും, സ്പോർട്സും വകുപ്പ് മന്ത്രി) |
|---|---|
| (എ) യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) കേരളത്തിലെ യുവജനങ്ങളുടെ കായിക-ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>(I) കേരളത്തിലെ യുവതീയുവാക്കൾക്ക് അവരുടെ കായികശേഷി പരിപോഷിപ്പി-ക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമായി എല്ലാ വർഷവും കേരളോത്സവത്തിന്റെ ഭാഗമായി കായിക മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. അത് ലറ്റിക്സിൽ 13 ഇനങ്ങളും, നീന്തലിൽ 10 ഇനങ്ങളും, ഗെയിംസിൽ 12 ഇനങ്ങളും കൂടാതെ കളരിപ്പയറ്റ് മത്സരവും, കാർഷിക കായിക ഇനങ്ങളിലുള്ള മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.<br><br>(ii) കായിക രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുന്നതിനും, യൂത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക രംഗത്ത് പ്രോത്സാഹനം നൽകുന്നതിനും, കായിക ക്ഷമതയുള്ള യുവജനതയെ വാർത്തെടു-ക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്കും, സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. |

.... (2)

(iii) കായികരംഗത്ത് മികച്ച സംഭാവന നൽകുന്ന തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് 12,12,752/- രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും, യുവജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും, സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | ബി) | കലാ-കായിക രംഗങ്ങളിൽ യുവാക്കൾക്ക് മികവ് തെളിയിക്കുന്നതിന് ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റി സംസ്ഥാനതല കേരളോത്സവം, യുവാക്കൾ സ്വയം സംരംഭകരാകുന്നതിലേയ്ക്ക് സംരംഭകത്വ പരിശീലനം, സിവിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, വ്യക്തിത്വവികസന പരിശീലനങ്ങൾ, ജോബ് ഫെസ്റ്റുകൾ, സ്വയം തൊഴിൽ-ബോധവൽക്കരണ കാർഷിക പരിശീലന പരിപാടികൾ, ഡി.റ്റി.പി/ പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ/ ഐ.ബി.പി പരിശീലനങ്ങൾ, ജീവദായനി-രക്തദാന പദ്ധതി, ചലച്ചിത്ര-മാധ്യമ-സാഹിത്യ-വനിതാ ശില്പശാലകൾ, സാഹസിക അക്കാദമിയുടെ നേതൃത്വത്തിൽ സാഹസിക-കായിക പരിശീലനങ്ങൾ, നാടൻ കലാമേളകൾ, ആദിവാസി ഗോത്ര കലാമേളകൾ, അന്യസംസ്ഥാനങ്ങളിലെ യുവതീ-യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണങ്ങൾ, മറ്റ് പരിപാടികൾ എന്നിവ സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ